ഭരണഭാഷ-മാതൃഭാഷ

**അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടികൾ**
(ഹാജർ: ഷിബു. എ.റ്റി)

തിരുവനന്തപുരം

നമ്പർ. 16562/2021/ജി6/ഡിപി                                    തീയതി. 26/08/2021

വിഷയം:- അച്ചടി വകുപ്പ്, തിരുവനന്തപുരം - പൊതു വിഭാഗം -തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിന്റെ പ്രവേശന കവാടം മുതൽ അച്ചടി വകുപ്പ് ഡയറക്ടറേറ്റ് കെട്ടിടം ഉൾപ്പെടെയുള്ള ഭാഗത്തിന്റെ നവീകരണം സമയബന്ധിതമായി നടപ്പാക്കുന്നതിന് ടീമിനെ രൂപീകരിച്ച് ഉത്തരവ് പുറപ്പടുവിക്കുന്നു.

പരാമർശം:- അച്ചടി വകുപ്പ് ഡയറക്ടറുടെ 25/08/2021 ലെ കുറിപ്പ്.

## ഉത്തരവ്

അച്ചടി വകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ള വിവിധ പദ്ധതികളുടെ ഉദ്ഘാടനവും മറ്റ് ചടങ്ങുകളും വരും നാളുകളിൽ നടക്കുന്നതിനാലും ടി ചടങ്ങുകളിൽ വളരെയധികം ബഹുമാന്യരായ വിശിഷ്ടാതിഥികൾ പങ്കെടുക്കുമെന്നതിനാലും അച്ചടി വകുപ്പ് ഡയറക്ടറേറ്റിൽ വിവിധ ആവശ്യങ്ങൾക്കായി ധാരാളം പൊതുജനങ്ങൾ വന്ന് പോകുന്നതിനാലും തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിന്റെ പ്രവേശന കവാടം മുതൽ അച്ചടി വകുപ്പ് ഡയറക്ടറേറ്റ് ബിൽഡിംഗ് ഉൾപ്പെടെയുള്ള ഭാഗം വളരെ ആകർഷണീയമായ രീതിയിൽ മോടിപിടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ആയതിന് ആവശ്യമായ കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കായി ചുവടെ പറയുന്ന ജീവനക്കാരെ ഉൾപ്പെടുത്തി ഒരു ടീം രൂപീകരിച്ച് ഉത്തരവാകുന്നു.

1. ശ്രീ. അശോക് കുമാർ. കെ.എൽ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് - ടീം ലീഡർ
2. ശ്രീ. അബ്ദുൾ സലാം. എം, അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ) - മെമ്പർ
3. ശ്രീ. ബിജു. എ, ലേബർ വെൽഫെയർ ഓഫീസർ - മെമ്പർ
4. ശ്രീ. ബോബിസെൻ. ബി, അസിസ്റ്റന്റ് ഫോർമാൻ (ഗ്രാഫിക് ഡിസൈൻ സെക്ഷൻ) - മെമ്പർ
5. ശ്രീ. ജയകുമാർ. ആർ.എസ്, സീനിയർ ക്ലാർക്ക് - മെമ്പർ

ടി ടീം മേൽ പരാമർശിച്ച കാര്യങ്ങൾക്കുള്ള പണികൾ ഏതൊക്കെ, ഏത് ഏജൻസിയാണ് ഓരോ പണികളും ചെയ്യേണ്ടത്, തുക വകുപ്പ് നൽകണമോ, എങ്കിൽ ഫണ്ട് ഉണ്ടോ, ഏത് ശീർഷകം എന്നീ വിവരങ്ങൾ അടങ്ങുന്ന പട്ടിക സഹിതം വിശദമായ നിർദ്ദേശം തയ്യാറാക്കി ടി പ്രവൃത്തികൾ 01/09/2021 ന് തുടങ്ങേണ്ട രീതിയിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. ടി ടീമിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ബന്ധപ്പെട്ട സെക്ഷൻ മേധാവികൾ ചെയ്തു കൊടുക്കേണ്ടതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

പകർപ്പ്:- സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം/
ഡയറക്ടറുടെ സിഎ/ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സിഎ/
അച്ചടി വകുപ്പ് ഡയറക്ടറേറ്റിലെയും, ഗവ. സെൻട്രൽ പ്രസ്സിലെയും എല്ലാ ഓഫീസർമാർക്കും സെക്ഷൻ മേധാവികൾക്കും/
ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്